4

# ഉപദേഷ്ടാക്കന്മാർ

ഉപദേഷ്ടാക്കന്മാരിൽ നിന്നും ഞാൻ അധികം പ്രതീക്ഷിക്കയും ആവശ്യപ്പെടുകയും ചെയ്യുന്നു. അതു ബൈബിൾ അനുസരിച്ചാണ്: ... അധികം നല്കിയവരിൽനിന്നു അധികം ആവശ്യപ്പെടും; ... (ലൂക്കൊസ് 12:48). ഒരു ഉപദേഷ്ടാവിന്റെ ഏറ്റവും മുഖ്യമായ പ്രവൃത്തി എന്താണ്? ആ ചോദ്യം ഉപദേഷ്ടാക്കന്മാരുടെ പ്രത്യേക പ്രാർത്ഥനകളിൽ പ്രസംഗപീഠത്തിലും, കോളെജ് ക്ലാസുകളിലും, ചോദിക്കേതാണ്. നിങ്ങൾ എന്തായിരിക്കും ഉത്തരം നൽകുക? പഠനമാണോ? പ്രസംഗമാണോ? ഉപദേശമാണോ? സന്ദർശനമാണോ? ആത്മാവിനെ-നേടലാണോ? ധർമ്മോപകാരമാണോ? സമൂഹവുമായ ബന്ധമാണോ? ഒരു ഉപദേഷ്ടാവിന്റെ പ്രാഥമികമായ, മുഖ്യജോലി എന്താണ്? അതിനുള്ള ബൈബിൾ ഉത്തരം *പ്രാർത്ഥന* എന്നാണ്! ആദ്യം പ്രാർത്ഥിക്കാതെ യേശു തന്റെ ശുശ്രൂഷ ആരംഭിച്ചിട്ടില്ല. പെന്തെകൊസ്തു സംഭവങ്ങൾ (പ്രവൃത്തികൾ 2) നടന്നതു പ്രാർത്ഥനക്കു ശേഷമാണ് (പ്രവൃത്തികൾ 1). ബൈബിൾ കീഴ്വഴക്കം ആണ് പ്രവൃത്തികൾ 6:4: ഞങ്ങളോ പ്രാർത്ഥനക്കും, വചനശുശ്രൂഷക്കുമായി പോകും. അപ്പൊസ്തലന്മാർക്കു, പ്രാർത്ഥനയായിരുന്നു ശുശ്രൂഷക്കു മുമ്പുായിരുന്നത്! തന്റെ വിടവാങ്ങൽ പ്രസംഗത്തിനു മുൻപു (യോഹന്നാൻ 14, 16), യേശു പ്രാർത്ഥനയിലും പരിശുദ്ധാത്മാവിലും അടിസ്ഥാനപ്പെടുത്തിയാണ് വിശ്വാസത്തെ ഊന്നിപറഞ്ഞത്. യേശു തന്റെ അപ്പൊസ്തലന്മാർക്കു നല്കിയ വലിയ രു വാഗ്ദാനങ്ങളായിരുന്നു പ്രാർത്ഥനയും പരിശുദ്ധാത്മാവും. അവിടെയാണ് നമ്മുടെ ശക്തി, എന്നാലും നാം പ്രാർത്ഥിക്കുന്നതിൽ പരാജയപ്പെടുന്നു! ദൈവത്തിനു മാത്രമേ സഭ പണിയുവാൻ കഴിയൂ! ദൈവത്തിന്റെ സഭ പണിയുവാൻ മനുഷ്യനു കഴിയില്ല അല്ലെങ്കിൽ മനുഷ്യന്മേൽ പണിയുവാനും സാധ്യമല്ല. നമ്മുടെ പദ്ധതികളെ അനുഗ്രഹിക്കേതിനുള്ളതല്ല പ്രാർത്ഥന. ദൈവം എവിടെ പ്രവർത്തിക്കുന്നുവോ അവിടെ നമ്മെ എത്തിക്കുവാൻ ആവശ്യപ്പെടുന്നതാണ് പ്രാർത്ഥന. ഇന്നു അനവധി സഭകളുടെ സ്വഭാവം പ്രാർത്ഥന-യില്ലായ്മയാണ്! സഭയുടെ ഇന്നത്തെ ഏറ്റവും വലിയ ആവശ്യം നവീനതയോ താലന്തോ, പുതിയ ആശയമോ അല്ല, മറിച്ച് പ്രാർത്ഥനയാണ്! ഉപദേഷ്ടാക്കന്മാരുടെ മേശപ്പുറത്ത് ഇതു എഴുതി വെക്കണം: ആദ്യം പ്രാർത്ഥിക്കുക.

നിരവധി ഉപദേഷ്ടാക്കന്മാർ ഒന്നുകിൽ കുറച്ചു പ്രാർത്ഥിക്കുന്നവരോ പ്രാർത്ഥിക്കുക പോലും ചെയ്യാത്തവരോ ആണ് എന്നത് ദുഃഖകരമായ വസ്തുതയാണ്. ദൈവത്തെകുറിച്ചു നാം മനുഷ്യരോടു സംസാരിക്കുന്നതിനു മുൻപു നാം ദൈവത്തോടു മനുഷ്യരെ കുറിച്ചു സംസാരിക്കണം. ഞാൻ വളരെയധികം പ്രസംഗിച്ചിട്ട് എന്നാൽ പഠിച്ചിട്ടുള്ളതു കുറച്ചുമാത്രമാണ്, എന്ന് ബില്ലിഗ്രഹാം സമ്മതിക്കുന്നു. ഞാൻ അതിനോടു ചേർക്കുന്നതു, ഞാൻ വളരെ പ്രസംഗിച്ചിട്ട് എന്നാൽ കുറച്ചു മാത്രമേ പ്രാർത്ഥിച്ചിട്ടുള്ളൂ. ഉപദേഷ്ടാവിനു പുനശേഖരം തയ്യാറാക്കേണമേ, എന്നാണ് സഹോദരന്മാർ സാധാരണ പ്രാർത്ഥിക്കുന്നത്. ഉപദേഷ്ടാക്കന്മാർക്ക് അതിൽ കൂടുതൽ ആവശ്യമാണ്! അധികം ഉപദേഷ്ടാക്കന്മാരും വായിക്കുന്നില്ല, പഠിക്കുന്നില്ല, ചിന്തിക്കുന്നില്ല

എന്നത്, ദുഃഖകരമാണ്! അത്തരം സന്ദർഭങ്ങളിൽ പ്രാർത്ഥന അവരെ സഹായിക്കുകയില്ല! പ്രാർത്ഥിക്കുന്ന ഉപദേഷ്ടാക്കന്മാർ വചനത്തിലേക്ക് ഇറങ്ങും. വചനത്തിൽ ശ്രദ്ധിക്കുന്ന ഉപദേഷ്ടാക്കന്മാർ പ്രാർത്ഥിക്കും. തിരുവെഴുത്തിൽനിന്നു നമുക്ക് പ്രാർത്ഥനയെ ഒഴിവാക്കുവാൻ സാധ്യമല്ല. പ്രാർത്ഥിക്കുന്ന മനുഷ്യനു മാത്രമേ ബൈബിൾ മനസിലാകയുള്ളു. ഒരു വ്യക്തി ആരാണെന്നു മുട്ടിന്മേൽ നില്ക്കുന്നതിലൂടെ തെളിയുന്നു. ഉപദേഷ്ടാക്കന്മാർ ഉപവസിക്കുന്നതിനേക്കാൾ സാമൂഹ്യവിരുന്നിനെയും, ആരാധിക്കുന്നതിനേക്കാൾ വിനോദത്തിനെയും, പ്രാർത്ഥിക്കുന്നതിനേക്കാൾ നന്നായി പ്രസംഗിക്കുന്നതും, ഇഷ്ടപ്പെടുന്നു എന്നതും ദുഃഖകരമാണ്. പ്രസംഗത്തിന്റെ ശക്തി നിർണ്ണയിക്കുന്നതു പ്രസംഗത്തിനു മുൻപുള്ള പ്രാർത്ഥനയാലാണ്.

സഭകൾ, ചിലപ്പോൾ, ഉപദേഷ്ടാക്കന്മാരെ അന്വേഷിക്കും. അഭിമുഖത്തിൽ എന്നോട് പല തരത്തിലുള്ള ചോദ്യങ്ങൾ ചോദിച്ചിട്ടു്. അതു ജ്ഞാനവും നല്ലതുമാണ്. ചോദ്യം ബുദ്ധിപരമായതായാലും അർത്ഥശൂന്യമായതായാലും ഏതൊരു ചോദ്യത്തിനും സത്യസന്ധമായ ഉത്തരം നല്കുവാൻ ഞാൻ സന്നദ്ധനാണ്. വാസ്തവത്തിലുള്ള ചോദ്യം ആരും എന്നോടു ചോദിച്ചിട്ടില്ല: ഹോഡ്ജേ, നിങ്ങളുടെ പ്രാർത്ഥനാ ജീവിതം എങ്ങനെ പോകുന്നു? നാം താലന്തും, വ്യക്തിത്വവും, ബിസിനസ്സിൽ ഉള്ള കഴിവും താല്ക്കാലിക ആവശ്യത്തിനായി എടുക്കുന്നു എന്നാൽ നാം പ്രാർത്ഥിക്കുന്നവരെയാണ് കടമെടുക്കേത്. എന്തെങ്കിലും ഒരു വലിയ ഉണർവ്വ് വരുന്നുവെങ്കിൽ അതു പ്രാർത്ഥനയുടെ ഫലമായുാകുന്നതാണ്. നിങ്ങൾ പ്രാർത്ഥിക്കുന്നുോ? നിങ്ങൾ പ്രാർത്ഥിപ്പാൻ പദ്ധതിയിട്ടിട്ടുോ? നിങ്ങൾ വാസ്തവത്തിൽ പ്രാർത്ഥിക്കുന്നതുവരെ പ്രാർത്ഥിച്ചിട്ടുോ? നിങ്ങളുടെ പ്രാർത്ഥനക്കു പ്രതികരണമായി ദൈവം പ്രവർത്തിക്കും.

സഹോദരന്മാർ എനിക്കു വേി പ്രാർത്ഥിക്കുമ്പോൾ, അവർ എന്നെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യും. എന്റെ ശുശ്രൂഷയിൽ ഞാൻ മുൻഗണന നൽകുന്നത് പ്രാർത്ഥനക്കാണ്. ഞാൻ ദിവസേന പ്രാർത്ഥിക്കുന്നത് സഭയ്ക്കും അംഗങ്ങൾക്കും, ശുശ്രൂഷകൾക്കും, പ്രശ്നങ്ങൾക്കും, വേദനിക്കുന്നവർക്കും വേിയാണ്. വർഷങ്ങളോളം ശനിയാഴ്ച്ചകളിൽ ആഡിറ്റോറിയത്തിനകത്തുമുഴുവൻ നടന്ന് അവിടെയുള്ള അംഗങ്ങൾക്കെല്ലാം വേി അവരുടെ ഇരിപ്പിടം കടന്നുപോകുമ്പോൾ ഞാൻ പ്രാർത്ഥിക്കുമായിരുന്നു. ഒരു ഉപദേഷ്ടാവ് ശുശ്രൂഷയിൽ മുഖ്യവും മുൻഗണനകൊടുക്കേതും പ്രാർത്ഥനക്കായിരിക്കണം. മോശെ യിസ്രായേൽ ജനത്തിനു വേി പ്രാർത്ഥിച്ചു. പൗലൊസ് സഭകൾക്കു വേി പ്രാർത്ഥിച്ചു. ശമുവേൽ പറഞ്ഞു, ... ഞാനോ നിങ്ങൾക്കുവേി പ്രാർത്ഥിക്കാതിരിക്കുന്നതിനാൽ യഹോവയോടു പാപം ചെയ്വാൻ ഇടവരരുതേ; ഞാൻ നിങ്ങൾക്കു നല്ലതും ചെവ്വുള്ളതുമായ വഴി ഉപദേശിക്കും (1 ശമുവേൽ 12:23).

ഉപദേഷ്ടാക്കന്മാർ ചിലപ്പോൾ ദൈവവചനത്തെ ഇടിവെട്ടുപോലെ അയക്കുന്ന പ്രവാചകന്മാരെ പോലെയാകണമെന്ന് മിക്കപേർക്കും അറിയാം. ചെമ്മരിയാടുകൾക്കു വേി ദൈവത്തോട് കരഞ്ഞപേക്ഷിക്കുന്ന പുരോഹിതന്മാരെ പോലെയാണ് ഉപദേഷ്ടാക്കന്മാർ എന്ന കാര്യം മിക്കപേരും മറന്നുപോകുന്നു. ഉപദേഷ്ടാക്കന്മാർ പ്രവാചകന്മാരെപോലെ ആകുന്നതിനു മുൻപ് അവർ പുരോഹിതന്മാരെ പോലെ ആകണം. നാം ചെമ്മരിയാടുകൾക്കും കോലാടുകൾക്കും വേി പ്രാർത്ഥിക്കണം! ദൈവത്തിന്റെ ഉപദേഷ്ടാവു വിശുദ്ധനാ

യിരിക്കണം. അതാണ് സഭയോടുള്ള അയാളുടെ ആദ്യത്തെ ഉത്തരവാദിത്വം. അയാൾ ഒരു ദൈവപുരുഷനാകണം (സ്വഭാവത്തിൽ). അയാളുടെ ഏറ്റവും പ്രധാനപ്പെട്ട ജോലി പ്രാർത്ഥിക്കലാണ്. അങ്ങനെയായാൽ സഭ ഒരു ദൈവമ കനിൽനിന്നു കേൾക്കുന്നതു ദൈവസന്ദേശം ആയിരിക്കും.

**************

# വാസ്തവത്തിലുള്ള പ്രാർത്ഥനയുടെ ഗുണങ്ങൾ

## മത്തായി 26:36 - 44; ലൂക്കൊസ് 22:42 - 44

*പിന്നെ അവൻ പ്രാണവേദനയിലായി അതിശ്രദ്ധയോടെ പ്രാർത്ഥിച്ചു; അവന്റെ വിയർപ്പ്, നിലത്തു വീഴുന്ന വലിയ ചോരത്തുള്ളി പോലെയായി (ലൂക്കൊസ് 22:42–44).*

സഭയിലെ അവസാന പ്രാർത്ഥന നയിക്കുന്ന സഹോദരൻ ഒരു ദിവസം പറഞ്ഞു, നമുക്കു നമ്മുടെ മനസുകളെ അടച്ചു തലകുനിച്ചു പ്രാർത്ഥിക്കാം. പ്രാർത്ഥനയെ നമ്മുടെ ജീവിത മദ്ധ്യത്തിലേക്കു കൊു വരണം. പ്രാർത്ഥി ക്കുക ... എന്നാൽ നിങ്ങൾ കൂടുതൽ പ്രാർത്ഥിക്കും. പ്രാർത്ഥനയെ കുറിച്ചു എന്തൊരു ഉന്നതമായ ചിന്ത! എന്തൊരു നേട്ടം! നാം എന്തുകൊു കൂടു തൽ പ്രാർത്ഥിക്കുന്നില്ല?

വാസ്തവത്തിലുള്ള പ്രാർത്ഥനക്കു ചില ഗുണങ്ങളു്; അല്ലെങ്കിൽ, പ്രാർത്ഥന ഒരു ചടങ്ങോ, ബാലിശമായതോ, വിഗ്രഹാരാധനയോ ആയി മാറി യേക്കാം. ഉപയോഗമില്ലാത്ത ചിലതു ലഭിക്കുന്നതിനുള്ള വിലകുറഞ്ഞ ഒന്നല്ല പ്രാർത്ഥന. പരമോന്നതനായ ദൈവത്തിന്റെ സാന്നിദ്ധ്യത്തിലേക്കു പ്രവേശി ക്കുവാനുള്ള അവസരമാണ് പ്രാർത്ഥന. ദൂതന്മാർ പ്രവേശിക്കുവാൻ വിറക്കുന്ന സ്ഥാനത്തേക്ക് നാം ഓടിക്കയറുവാൻ ശ്രമിക്കരുത്. പ്രാർത്ഥനക്കു *ശേഷം* എന്തു സംഭവിക്കുമെന്നു അടിസ്ഥാനപരമായി നമുക്ക് അറിയാം, എങ്കിലും പ്രാർത്ഥനക്കു *മുമ്പു* എന്തു സംഭവിക്കണം എന്നു നാം ഗ്രഹിക്കുന്നില്ല. അതെ, *ആദ്യം പ്രാർത്ഥിക്കേ* ആവശ്യത്തെ നാം ഉറപ്പിച്ചു! *ആമേൻ!* വാസ്തവ ത്തിലുള്ള പ്രാർത്ഥനയാകുവാൻ പ്രാർത്ഥിക്കുന്നതിനുമുൻപു അനുവർത്തി ക്കേ ചില തത്വങ്ങളു്.

**വാസ്തവത്തിലുള്ള പ്രാർത്ഥനക്കുള്ള കീഴ്വഴക്കങ്ങൾ**

(1) *താഴ്മ.* എന്റെ നാമം ... വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തന്നെ ത്താൻ താഴ്ത്തി പ്രാർത്ഥിച്ചു, എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമ്മാർഗ ങ്ങൾ വിട്ടു തിരിയുമെങ്കിൽ, ഞാൻ സ്വർഗത്തിൽനിന്നു കേട്ടു, അവരുടെ പാപം ക്ഷമിച്ചു, അവരുടെ ദേശത്തിന്നു സൗഖ്യം വരുത്തിക്കൊടുക്കും (2 ദിനവൃത്താന്തം 7:13, 14). ദൈവത്തെ തരംതാഴ്ത്തി ഒരു വില്പനയന്ത്രമാ ക്കുന്ന സ്വാർത്ഥതയിൽ നിന്നും നമ്മെ തടയുന്നതെന്താണ്? *താഴ്മ!* ഒരാൾ

പ്രാർത്ഥിക്കുന്നതിനുമുൻപു, അയാൾ തന്നെത്താൻ താഴ്ത്തണം. തിരുവെഴുത്തിനു വിപരീതമായ രീതിയിൽ നാം ഒരുപാടു പ്രാവശ്യം പ്രാർത്ഥിച്ചിട്ടു്: ദൈവമേ, എന്നെ താഴ്ത്തേണമെ. ദൈവമാണ് എല്ലാം നിയന്ത്രിക്കുന്നത്. ദൈവം ശിക്ഷിക്കും, എന്നാൽ മനുഷ്യനാണ് തന്നെത്താൻ താഴുവാൻ കഴിയുന്നത്. ദൈവം പല അത്ഭുതങ്ങൾ പ്രവർത്തിക്കയുായി, എന്നാൽ ഫറവോൻ താഴ്ന്നില്ല. യൂദാക്കും തന്നെത്താൻ താഴ്ത്തുവാൻ കഴിഞ്ഞില്ല; പത്രൊസിനു കഴിഞ്ഞു. നിഗളവും പ്രാർത്ഥനയും കൂട്ടിക്കുഴക്കരുത്. മനുഷ്യൻ നിസഹായനാണ്. തോമസ് ജെഫർ സൺ ബുദ്ധിയോടെ പറഞ്ഞു, പ്രായമായ മനുഷ്യന്റെ ഏകശക്തി പ്രാർത്ഥനയാണ്. യുവാക്കൾ തങ്ങളുടെ ബലത്തിലും, ധനവാന്മാർ തങ്ങളുടെ ധനത്തിലും ആണ് ആശ്രയിക്കുന്നത്. നിസഹായരായവർ ദൈവത്തിലേക്കു തിരിയുന്നു!

(2) *ചിന്ത.* പ്രാർത്ഥന എന്നത് ആഗ്രഹിക്കുന്നതോ അന്യദേവന്മാരെ നമസ്ക്കരിക്കുന്ന ശൈലിയോ അല്ല. പ്രാർത്ഥിക്കുന്ന ആൾ ചിന്തിക്കുകയും തയ്യാറാകുകയും വേണം. ഉണർന്നിരുന്നു പ്രാർത്ഥിക്കുവാനാണ് യേശു ശിഷ്യന്മാരോടു പറഞ്ഞത് (മത്തായി 26:41). പ്രാർത്ഥനയിൽ സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ എന്നാണ് പത്രൊസ് പറഞ്ഞത് (1 പത്രൊസ് 4:7). പ്രാർത്ഥിക്കുന്നവർ ശുദ്ധമനസുള്ളവരും ഇന്ദ്രിയ-ജയം ഉള്ളവരുമായിരിക്കണം. പ്രസിഡന്റിന്റെ സദസിലേക്കു നിങ്ങൾ ക്ഷണിക്കപ്പെട്ടാൽ, നിങ്ങൾ അതിനായി ഒരുങ്ങുകയില്ലേ? പ്രാർത്ഥന ദൈവവുമായുള്ള കൂടിവരവാണ്. പ്രാർത്ഥന ദൈവത്തോടു സംസാരിക്കുന്നതിനേക്കാളുപരി ദൈവത്തോടുകൂടെ ആയിരിക്കലാണ്. പ്രാർത്ഥനക്കു മുൻപു വേ ഒരുക്കം നടത്തുക.

(3) *തിരുവെഴുത്തു പരിശോധിക്കുക.* നിങ്ങളുടെ ബൈബിൾ വായിക്കുക. നാം പഠിക്കുന്ന വചനമാണ് നാം പ്രാർത്ഥിക്കുന്ന വാക്കുകൾ. നിങ്ങൾ ദൈവത്തോടു പ്രാർത്ഥിക്കുന്നതിനുമുൻപു നിങ്ങളോടു സംസാരിക്കുവാൻ ദൈവത്തെ അനുവദിക്കുക. ശ്രദ്ധിക്കുന്നതിലാണ് പ്രാർത്ഥന ആരംഭിക്കുന്നത്. ഖേദകരമെന്നു പറയട്ടെ, നമുക്ക് തിരുവ ചനത്തേക്കാൾ ആദരവ് പ്രാർത്ഥനക്കാണ്. ന്യായപ്രമാണം കേൾ ക്കാതെ ചെവിതിരിച്ചുകളഞ്ഞാൽ, അവന്റെ പ്രാർത്ഥന തന്നെയും വെറുപ്പാകുന്നു (സദൃശവാക്യങ്ങൾ 28:9). ഉന്നതമായ വചനപ്രാർത്ഥനയിൽ ഊറ്റം കൊള്ളുകയും തിരുവെഴുത്തുകൾ പഠിക്കാതിരിക്കയും ചെയ്യുന്നതു കാപട്യമാണ്. ദൈവത്തിന്റെ പുസ്തകത്തെ തള്ളിക്കളഞ്ഞുകൊ് പുസ്തകത്തിലെ ദൈവത്തിൽനിന്നും ഒന്നും നമുക്ക് ആവശ്യപ്പെടാൻ കഴിയുകയില്ല.

(4) *മാനസാന്തരം.* പാപികൾ പാപത്തെ വിട്ടുകളഞ്ഞു മാനസാന്തരപ്പെട്ടു ദൈവസന്നിധിയിലേക്കു മടങ്ങി വന്നുവേണം അവനെ കേൾക്കുവാൻ. കർത്താവിന്റെ കണ്ണു നീതിമാന്മാരുടെമേലും, അവന്റെ ചെവി അവരുടെ പ്രാർത്ഥനക്കും തുറന്നിരിക്കുന്നു; എന്നാൽ കർത്താവിന്റെ മുഖം ദുഷ്പ്രവൃത്തിക്കാർക്കു പ്രതികൂലമായിരിക്കുന്നു (1 പത്രൊസ് 3:12). കൂടാതെ വായിക്കുക 1 യോഹന്നാൻ 3:22: അവന്റെ കല്പനകളെ നാം പ്രമാണിച്ചു അവന്നു പ്രസാദമുള്ളതു ചെയ്യുന്നതുകൊ്, എന്തു യാചിച്ചാലും അവങ്കൽനിന്നു ലഭിക്കും. സങ്കീർത്തനങ്ങൾ 66:18 പറയുന്നു, ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നെങ്കിൽ, കർത്താവു കേൾക്കയില്ലായിരുന്നു. പാപങ്ങളെ ഏറ്റു പറഞ്ഞശേഷം, പ്രാർത്ഥിക്കുക എന്നാണ് യാക്കൊബ് പറയുന്നത് (യാക്കൊബ് 5:16). നമ്മുടെ പാപചാപല്യങ്ങൾക്കുള്ള ആൾജാമ്യമല്ല ദൈവം. പ്രാർത്ഥന

ക്കുള്ള പ്രവാസകേന്ദ്രവുമല്ല ദൈവം.

(5) *അച്ചടക്കം.* കൊർന്നെല്യോസിന്റെ കാര്യത്തിൽ, പ്രാർത്ഥനക്കുമുൻപു അവൻ കൊടുത്തിരുന്നതായി പറഞ്ഞിരിക്കുന്നു (പ്രവൃത്തികൾ 10:2). പ്രാർത്ഥനക്കു മുൻപ് ഉപവസിച്ചിരുന്നു (ലൂക്കൊസ് 2:37; 1 കൊരിന്ത്യർ 7:5). നാം നമ്മുടെ ഏറ്റവും നല്ലതു ദൈവത്തിനു നല്കാതി രുന്നാൽ ദൈവം തന്റെ ഏറ്റവും നല്ലതു നമുക്കു നല്കുകയില്ല. നിങ്ങൾ സമർപ്പിച്ചിട്ടില്ലാത്ത ഒന്നിനായി പ്രാർത്ഥിക്കരുത്. പ്രാർത്ഥനക്കു *ശേഷം* നിങ്ങൾ ആഗ്രഹിക്കുന്നത് ലഭിക്കുവാൻ, പ്രാർത്ഥനക്കു *മുൻപായി* ഒരുങ്ങണം. പ്രാർത്ഥിക്കുക ... എന്നാൽ നിങ്ങൾ കൂടുതൽ പ്രാർത്ഥിക്കും!

### വാസ്തവത്തിലുള്ള പ്രാർത്ഥനയുടെ ഗുണങ്ങൾ

ഇനി നമുക്ക് നമ്മുടെ വേദഭാഗത്തിലേക്കു തിരിച്ചുവരാം. ശ്രദ്ധ കേന്ദ്രീകരിക്കേതു യേശുവിലാണ്. അവന്റെ പ്രാർത്ഥനാജീവിതമാണ് നമുക്കുള്ള തികഞ്ഞ മാതൃക. യേശുവിനു പ്രാർത്ഥന ആവശ്യമായിരുന്നുവെങ്കിൽ, നമുക്ക് എത്രയധികം ആവശ്യമു്? യേശുവിൽ നിന്നും എന്താണ് നാം പഠിക്കേത്?

(1) *ആത്മാർത്ഥത.* മാനുഷിക അന്ധതയിൽനിന്നു വരുന്ന ബാഹ്യമായ ചില ലക്ഷ്യങ്ങൾ നമുക്കുള്ളതുകൊു നമ്മുടെ ഏറ്റവും നല്ല പ്രാർത്ഥന പോലും കുറ്റമുള്ളതാകുന്നു. യേശുവിന്റെ ആത്മാർത്ഥതയുടെ ആഴത്തെ, ആർക്കും സംശയിക്കുവാൻ കഴിയുകയില്ല. യേശു ഗദ്ശെമനയിലേക്കു പ്രാർത്ഥിപ്പാൻ പോയി യേശുവിനെ എവിടെ കത്തൊമെന്നു യൂദക്കു പോലും അറിയാമായിരുന്നു. യേശു ദൈവസാന്നിദ്ധ്യം അനുഭവിച്ചു. യേശു പ്രാർത്ഥിച്ചപ്പോൾ, വിയർപ്പു രക്തത്തുള്ളികൾ പോലെ വീണു. പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ അവനെ കത്തുമെന്നാണ് യിരെമ്യാവു പറഞ്ഞത് (യിരെമ്യാവ് 29:13). കാപട്യവും, സത്യസന്ധതയില്ലായ്മയും, പ്രതികാരവും നമ്മെ പരാജയപ്പെടുത്താറു്. എല്ലാ ബന്ധങ്ങളുടെയും അടിസ്ഥാനമാണ് സത്യസന്ധത. നാം സത്യസന്ധരല്ലാതാകുമ്പോൾ പ്രാർത്ഥന മുടങ്ങുന്നു.

(2) *തീഷ്ണ വികാരം.* അതിവേദനയിലായിരുന്നിട്ടും അവൻ തീഷ്ണവികാരത്തോടെ പ്രാർത്ഥിച്ചു; അവന്റെ വിയർപ്പ് ചോരത്തുള്ളികൾ പോലെ, നിലത്തുവീണു (ലൂക്കൊസ് 22:44). യേശു രാമതും, മൂന്നാമതും പ്രാർത്ഥിച്ചതു ... ഉത്സാഹത്തോടെ ആയിരുന്നു! നാം പ്രാർത്ഥനയിൽ ഉറ്റിരിക്കണമെന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു (റോമർ 15:30). പ്രാർത്ഥന പ്രയാസമുള്ള പ്രവർത്തിയാണ്. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു (യാക്കൊബ് 5:16). യാക്കൊബ് 5:16-ൽ പറഞ്ഞിരിക്കുന്ന മനുഷ്യൻ എന്നത്, ഏക വചനമാണ് ബഹുവചനമല്ല എന്നത് ശ്രദ്ധിക്കുക.

(3) *കീഴ്പ്പെടൽ.* യേശു മരണത്തോളം അതിവേദനയിലായിരുന്നു. യേശു കമിണ്ണുവീണു എന്നാണ് മത്തായി പറഞ്ഞത് (മത്തായി 26:39). ലൂക്കൊസ് പറഞ്ഞത് അവൻ മുട്ടുകുത്തി എന്നാണ് (ലൂക്കൊസ് 22:41). ക്രിസ്തു തന്നെത്താൻ താഴ്ത്തി, പ്രാർത്ഥനയിൽ തന്നെത്താൻ കീഴ്പ്പെടുത്തി. നിൽപ്പ് പ്രാർത്ഥനയല്ല, എന്നാൽ പ്രാർത്ഥനയിൽ നിൽപ്പും ഉൾപ്പെടുന്നു! താഴ്മക്കുവേി നാം പ്രാർത്ഥിക്കുന്നില്ല; നാം നമ്മെ തന്നെ താഴ്ത്തുകയാണ്. അവിടെ ഉള്ളത് സ്വയം-ശൂന്യമാക്കി, സ്വാർത്ഥത ഉപേക്ഷിച്ചു, പ്രാർത്ഥനയെ പരിത്യജിക്കുന്നതാണ്. യേശുവിന്റെ ശ്രദ്ധേയമായ ലൂക്കൊസ് 18:9-14 ലെ ഉപമയിൽ, ചുങ്കക്കാരൻ തന്റെ നെഞ്ചത്തടിച്ചുകൊ്, പറഞ്ഞു, ദൈവമേ, പാപിയായ,

എന്നോട് കനിവു തോന്നേണമേ! ഉയർത്തുന്നവൻ താഴ്ത്തപ്പെടും, എന്നാൽ താഴ്ത്തുന്നവൻ ഉയർത്തപ്പെടും. പ്രസിദ്ധനായ ജെർമ്മൻ സംഗീതസംവിധായകന്റെ പീയാനോ വായിക്കുവാൻ മറ്റൊരു പ്രസിദ്ധ പീയാനോ വായനക്കാരനെ ക്ഷണിച്ചു. ഞാൻ അതിന് യോഗ്യനല്ല, എന്നയാൾ നിരസിച്ചു. വാസ്തവത്തിൽ മഹാന്മാരായ ആളുകളെല്ലാം താഴ്മ ഉള്ളവരാണ്. പരിവർത്തനം ചെയ്യുക എന്നാൽ കീഴ്പ്പെടുക എന്നാണ്.

(4) *നിരന്തരം* (തുടർച്ചയായ). ഒരേ പ്രാർത്ഥന യേശു മൂന്നു പ്രാവശ്യം പ്രാർത്ഥിച്ചു, എങ്കിലും അവന്റെ വിശ്വാസം ഒരിക്കലും നഷ്ടമായില്ല. അവന്റെ ശിഷ്യന്മാർ മൂന്നു പ്രാവശ്യവും ഉറങ്ങുന്നതു കു, എങ്കിലും അവൻ അവരോടു ക്ഷമിക്കാതിരുന്നില്ല. അനീതിയുള്ള കാര്യവിചാരകന്റെ രസകരമായ ഉപമ യേശു പഠിപ്പിച്ചിട്ടു് (ലൂക്കൊസ് 18:1-8). അവനെ തുടർച്ചയായി ആ വിധവ ശല്യ [പ്പെടുത്തി] യതുകൊു അവൻ അവൾക്ക് പ്രതിക്രിയ നടത്തി (വാ. 5). ആ ന്യായാധിപനു ദൈവത്തെ ഭയമോ മനുഷ്യരെ ബഹുമാനമോ ഇല്ലായിരുന്നു. നാം മടുത്തു (വിട്ടുകളയുക) പോകാതെ പ്രാർത്ഥിക്കുവാനാണ് യേശു പറഞ്ഞത്. ആ ഉപമ ദൈവത്തെ പരീക്ഷിക്കുന്ന ഒന്നല്ല, എന്നാൽ നമ്മെ പരീക്ഷിക്കുന്നതാണ്. യേശു തന്റെ പോരാട്ടത്തിൽ ശക്തമായി പ്രാർത്ഥിക്കുവാൻ മനസ്സുള്ളവനായിരുന്നു, എന്നാൽ ദൈവം അപ്പോഴും ഇല്ല എന്നു യേശുവിനോടു പറഞ്ഞു! മനുഷ്യരെ രക്ഷിപ്പാൻ തീരുമാനിച്ചത് ഗൊൽഗോഥയിൽ വെച്ച് ആയിരുന്നില്ല, എന്നാൽ ഗദ്ശെമനയിൽ ആയിരുന്നു! അവിടെ വെച്ചാണ് ദൈവം ഇല്ല എന്നും യേശു ശരി എന്നും പറഞ്ഞത്.

(5) *ഉണർന്നിരിക്കൽ.* ആത്മാവ് ജീവനുള്ളതും, ജഡം ബലഹീനവുമത്രെ. താൻ പ്രാർത്ഥിക്കുമ്പോൾ ശിഷ്യന്മാരോടു ഉണർന്നിരിപ്പാൻ യേശു ആവശ്യപ്പെട്ടു. അവർ ഉറങ്ങിപ്പോയി. നാം ഉറങ്ങുന്നു. പ്രാർത്ഥന സഹിഷ്ണുതയും, അറിവും, അത്യാവശ്യവും ആവശ്യപ്പെടുന്നു. പ്രാർത്ഥനയിൽ വിഷമതകൾ ഉൾപ്പെടുന്നു. നാം കൃപയാൽ രക്ഷിക്കപ്പെട്ടു. ഓരോ ദിവസവും, യേശുവിന്റെ ശക്തിയിൽ, പാപത്തിനും വിശുദ്ധീകരണത്തിനും മദ്ധ്യേ നിരന്തര പോരാട്ടം നടക്കുന്നു. ക്രിസ്ത്യാനികൾ യുദ്ധത്തിലെ പടയാളികൾ ആണ്. യുദ്ധം പ്രാർത്ഥനയിൽ ജയിക്കുകയോ അല്ലെങ്കിൽ നഷ്ടപ്പെടുകയോ ചെയ്യും. നമ്മെ പ്രാർത്ഥിപ്പിക്കുന്നത് ഉണർവ്വാണ്, ഉണർത്തുന്നത് പ്രാർത്ഥനയുമാണ്. പ്രാർത്ഥിക്കാതെ ഉണർന്നിരിക്കുന്നത് അനുമാനമാണ്; ഉണർന്നിരിക്കാതെയുള്ള പ്രാർത്ഥന കാപട്യമാണ്. ... സുബോധമുള്ളവരും നിർമ്മദരും ആയിരിക്കണം നാം പ്രാർത്ഥനയിൽ (1 പത്രൊസ് 4:7). ജോൺ ക്രിസോസ്റ്റം പറഞ്ഞു, നല്ല പ്രാർത്ഥനയുടെ മഹിമ എത്ര ഉന്നെ് പിശാചിന് അറിയാം.

(6) *വിശ്വാസം.* യേശുവിന്റെ പ്രത്യേക ആവശ്യത്തിന് ദൈവം ഇല്ല എന്നാണ് പറഞ്ഞത്, എന്നാൽ അവനെ ശുശ്രൂഷിപ്പാൻ ഒരു ദൂതനെ അയച്ചു. പ്രാർത്ഥന എന്നാൽ വിശ്വാസ സംസാരമാണ്.

> അതുകൊു നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, യാചിക്കുന്നതൊക്കെയും ലഭിച്ചു എന്നു വിശ്വസിപ്പിൻ, എന്നാൽ അതു നിങ്ങൾക്ക് ഉാകും (മർക്കൊസ് 11:24).

> നിങ്ങൾ വിശ്വസിച്ചുകൊു, പ്രാർത്ഥനയിൽ എന്തു യാചിച്ചാലും, നിങ്ങൾക്കു ലഭിക്കുമെന്ന് ഉത്തരം പറഞ്ഞു (മത്തായി 21:22).

എന്നാൽ അവനൊന്നും സംശയിക്കാതെ വിശ്വാസത്തോടെ യാചിക്കേണം (യാക്കൊബ് 1:6).

എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും (യാക്കൊബ് 5:15).

വിശ്വാസം ദൈവത്തിന് *കഴിയും* എന്നുള്ളതുമാത്രമല്ല, എന്നാൽ ദൈവം *ചെയ്യു*മെന്നും ഉള്ളതാണ്. അതുകൊ്, ഭൂമിയിൽ ഏറ്റവും പ്രായോഗികമായ ഒന്നാണ് വിശ്വാസം. ശിഷ്യന്മാർ വിശ്വസിച്ചപ്പോൾ അവർക്കുബോധ്യമായി! നാം വിശ്വസിക്കുന്നതിനു മുൻപു തന്നെ നമുക്കു ബോധ്യമാകുവാനാണ് ആഗ്രഹം!

ഇത് എന്നോട് വിശദമാക്കുക: മിക്ക അമേരിക്കക്കാരും പ്രാർത്ഥിക്കുന്നു, എന്നാൽ കുറച്ചുപേർ മാത്രമാണ് പള്ളിയിൽ പോകുന്നത്, കുറച്ചു പേർ കാര്യമായി ബൈബിൾ വായിക്കുന്നു. തങ്ങൾക്കു വിശ്വസിപ്പാൻ കഴിയാത്തതും ശ്രദ്ധിപ്പാൻ കൂട്ടാക്കാത്തതുമായ ദൈവത്തോടു അമേരിക്കക്കാർ എന്തിനാണ് പ്രാർത്ഥിക്കുന്നത്? അതിനു ഉത്തരം നല്കുക! പ്രാർത്ഥന എല്ലാവരുടേയും അവസാന അഭയമാണ് ... അതിനൊരാൾക്ക് നഷ്ടപ്പെടുവാൻ ഒന്നുമില്ല. അത്തരം പ്രാർത്ഥന ദൈവത്തെ കൂടാതെയുള്ള മതത്തെ അനുവദിക്കലാണ്. അതിലുപരിയായി, ഇത് ചിന്തിക്കുക: പ്രാർത്ഥനയെ കുറിച്ച് ഒരു പുസ്തകം രചിച്ച വേദശാസ്ത്ര പണ്ഡിതൻ പോലും സത്യസന്ധതയോടെ സമ്മതിച്ചു, വളരെ ആഴത്തിൽ, ഞാൻ പ്രാർത്ഥനയിൽ വിശ്വസിക്കുന്നില്ല. നിങ്ങളോ? ആഴത്തിൽ? ആ വേദശാസ്ത്ര പണ്ഡിതൻ അന്ന് പ്രാർ ത്ഥിച്ചുതുടങ്ങുമെന്ന് പ്രതിജ്ഞ ചെയ്തു. തരം തിരിക്കാതെ, താത്വീകരിക്കാതെ, സിദ്ധവൽക്കരിക്കാതെ ... *പ്രാർത്ഥിക്കുക*! പ്രാർത്ഥിച്ച് കൊിരുന്നാൽ നിങ്ങൾക്ക് പ്രാർത്ഥന ശീലിക്കാം.

ഒന്നും പ്രായോഗികമല്ല എന്നാണ് പലപ്പോഴും പറഞ്ഞു കേട്ടിട്ടുള്ള ശൈലി ... ഞാൻ പ്രാർത്ഥിച്ചുനോക്കിയിട്ടു്, പക്ഷെ ഒന്നുമു ായില്ല. അത് അടിയറവു പറയുന്നതാണ്, അല്ലാതെ പ്രാർത്ഥന അല്ല. നിന്റെ ഇഷ്ടം നടക്കേണമേ എന്നതാണ് വചനപ്രകാരമുള്ളത്, എങ്കിലും അത് നാം ചെയ്യുന്നതിൽ നിന്ന് ഒഴിഞ്ഞു-മാറുന്നു! അതങ്ങനെയായിരിക്കുമെന്ന് നാം വിശ്വസിക്കുന്നില്ലെങ്കിൽ, നാം (പ്രാർത്ഥനയെയും) ദൈവ ത്തെയും പുറന്തള്ളുന്നു! ആ അവിശ്വാസം പരമോന്നതനായ ദൈവത്തെ സംശയിച്ച് നിശബ്ദമായി പറയുന്നു, നീ അത് ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

(7) *നിന്റെ ഇഷ്ടം നടക്കേണമേ.* യേശു പ്രാർത്ഥിച്ചു, ... എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം അത്രേ (ലൂക്കൊസ് 22:42). മാതൃകാ പ്രാർത്ഥനയിൽ യേശു പറഞ്ഞു, നിന്റെ ഇഷ്ടം, സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകേണമേ (മത്തായി 6:10). ഒന്ന് യോഹന്നാൻ 5:14, 15 പറയുന്നു, അവന്റെ ഇഷ്ടപ്രകാരം, നാം എന്തെങ്കിലും അപേക്ഷിച്ചാൽ, അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളത്, നമുക്ക് അവനോടുള്ള ധൈര്യം ആകുന്നു. നാം എന്തപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നുവെങ്കിൽ, അവനോടു കഴിച്ച അപേക്ഷ നമുക്കു ലഭിച്ചു എന്ന് അറിയുന്നു. മനുഷ്യന് എങ്ങനെ പ്രാർത്ഥിക്കണമെന്ന് അറിയില്ല. റോമർ 8:26 പറയുന്നു, അവ്വണ്ണം തന്നെ ആത്മാവ് നമ്മുടെ ബലഹീനതക്കു തുണ നിൽക്കുന്നു; വേം പോലെ പ്രാർത്ഥിക്കേ ത് എന്തെന്ന് നാം അറിയുന്നില്ലല്ലോ, ആത്മാവ് തന്നെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്കുവേി പക്ഷവാദം

ചെയ്യുന്നു. ദൈവേഷ്ടം നമ്മുടെ ഇഷ്ടം ആയിരിക്കണം എന്ന് അറിയിക്കുവാൻ മാത്രമുള്ള പ്രാർത്ഥന വിഡ്ഢിത്തമാണ്! ദിവസം തോറും ഉള്ളതു പോലും മനുഷ്യന് മനസ്സിലാകുന്നില്ല, അപ്പോൾ നിത്യതയെ കുറിച്ചു ചിന്തിക്കാതിരിക്കുക. നിന്റെ ഇഷ്ടം നടക്കേണമേ എന്ന പ്രാർത്ഥന പൂർണ്ണ നിസ്സഹായതയുടെ തെളിവാണ്. മനുഷ്യൻ ദൈവത്തിന് കീഴ്പ്പെട്ട്, ദൈവത്തിനായി സമർപ്പിക്കുന്നു. അതെ, ലോകം മാറിക്കൊിരിക്കുന്നു. ചിലർ സഭയെ പോലും മാറ്റുന്നു്. അടിസ്ഥാനപരമായി ഒരു കാര്യം നമ്മെ ഓർപ്പിക്കുന്നു: മാറിക്കൊിരിക്കുന്ന ലോകത്തിൽ, മാറാത്ത കാര്യങ്ങൾ അറിയുകയും നില നിർത്തുകയും ചെയ്യുക എന്നതാണ് ലളിതമായ കാര്യം. മാറാത്തത് എന്തെന്ന് നിങ്ങൾക്കറിയില്ലെങ്കിൽ, നിങ്ങൾ തെറ്റായ കാര്യങ്ങളെ മാറ്റും. അതു ദൈവേഷ്ട പ്രകാരം പ്രാർത്ഥിക്കുന്നതും പ്രാർത്ഥിക്കാതിരിക്കുന്നതും അർത്ഥ ശൂന്യമാക്കുന്നു. നമ്മുടെ ആഴത്തിലുള്ള ചിന്തക്ക്, ഇത് പരിഗണിക്കുക: നമ്മുടെ സഭായോഗങ്ങളിൽ നാം രോഗികൾക്കുവേി പ്രാർത്ഥിക്കുന്നു. മരുന്നിനെയും ഡോക്ടർമാരെയും ദൈവം ഉപയോഗപ്രദമാക്കി തീർക്കുവാൻ നാം പ്രാർത്ഥിക്കുന്നു. അവിടെ നിർത്തരുത്, ദൈവം സുഖപ്പെടുത്തേതിന് പിന്നെയും പ്രാർത്ഥിക്കുക! ഡോക്ടർമാർ ചികിത്സിക്കുക മാത്രമാണ് ചെയ്യുന്നത്! ദൈവം സുഖപ്പെടുത്തുന്നു! ഡോക്ടർമാരെ ഉപയോഗിച്ചും അല്ലാതെയും ദൈവം സുഖപ്പെടുത്തും! ദൈവേഷ്ടം നടക്കേതിന് പ്രാർത്ഥിക്കുക!

പകൽ തീരാറായപ്പോൾ ഞാൻ പ്രാർത്ഥിപ്പാൻ മുട്ടുകുത്തി,
പ്രാർത്ഥിച്ചു, കർത്താവേ, എല്ലാവരേയും അനുഗ്രഹിക്കേണമേ.
എല്ലാ ദുഃഖിക്കുന്ന ഹൃദയങ്ങളിൽ നിന്നും വേദന നീക്കുകയും,
രോഗിയെ വീും സൗഖ്യമാക്കുകയും ചെയ്യേണമേ.

മറ്റൊരുദിവസം ഞാനുണർന്നു,
അശ്രദ്ധമായി ഞാനെന്റെ വഴിക്കുപോയി.
ആ ദിവസം മുഴുവൻ ഒരു കണ്ണിലെയും
കണ്ണുനീർ ഒപ്പുവാൻ ഞാൻ ശ്രമിച്ചില്ല.

റോഡിലുള്ള എന്റെ സഹോദരന്റെ
ഭാരം പങ്കിടുവാൻ ഞാൻ ശ്രമിച്ചില്ല.
എന്റെ തൊട്ടടുത്തുള്ള രോഗിയായ മനുഷ്യനെ
ഞാൻ ചെന്നു കില്ല.

എന്നാലും ഒരു പകൽ കൂടെ കഴിഞ്ഞപ്പോൾ,
ഞാൻ പ്രാർത്ഥിച്ചു, കർത്താവേ, എല്ലാവരെയും അനുഗ്രഹിക്കണമേ.
എന്നാൽ ഞാൻ പ്രാർത്ഥിച്ചപ്പോൾ, എന്റെ ചെവിയിലേക്ക്
മന്ത്രിക്കുന്ന വ്യക്തമായ ഒരു ശബ്ദം കടന്നുവന്നു,

നിന്നു, കപടഭക്തിക്കാരാ, നീ പ്രാർത്ഥിക്കുന്നതിനു മുൻപ്,
ഇന്നു നീ ആരെയാണ് അനുഗ്രഹിക്കുവാൻ പോകുന്നത്?
ദൈവത്തിന്റെ ഏറ്റവും മധുരമുള്ള അനുഗ്രഹങ്ങൾ പോകുന്നത്,
അവനെ താഴെ സേവിക്കുന്ന കരങ്ങളിലേക്കാണ്.

പിന്നെ ഞാനെന്റെ മുഖം മറച്ച് കരഞ്ഞു,
ദൈവമേ, ഞാൻ കള്ളം പറഞ്ഞതിനാൽ,എന്നോടു ക്ഷമിക്കേണമേ.
മറ്റൊരു ദിവസം ജീവിക്കുവാൻ എന്നെ അനുവദിച്ചാൽ,
ഞാൻ പ്രാർത്ഥിക്കുന്നതുപോലെ ജീവിക്കും!

ലേഖകൻ അജ്ഞാതൻ

***"കർത്താവേ, ഞാൻ പ്രാർത്ഥനയിൽ വിശ്വസിക്കുന്നില്ല...***
***എനിക്ക് നിന്നിൽ വിശ്വാസമു്.***
***വിശ്വാസത്തിൽ പ്രാർത്ഥിപ്പാൻ എന്നെ പഠിപ്പിക്കേണമേ."***